പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1729 21.01.2014-ൽ മറുപടിക്ക്

## പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ

ചോദ്യം

ശ്രീ.അബ്ദുറഹിമാൻ രണ്ടത്താണി:

മറുപടി

ശ്രീ.കെ.പി.മോഹനൻ
(ബഹു.കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്നു വിശദമാക്കാമോ;

(എ) 100% കേന്ദ്രാവിഷ്കൃത പദ്ധതിയായ "വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന അയവിറക്കുന്ന മൃഗങ്ങളുടെ സംരക്ഷണം" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാരമ്പര്യ ജനുസ്സിൽപ്പെട്ട കന്നുകാലികളെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. കൂടാതെ നാടൻ പശുക്കളെ സംരക്ഷിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും "ഫാമുകൾ ശക്തിപ്പെടുത്തൽ" എന്ന സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ബദിയഡുക്കയിൽ ഒരു കന്നുകാലി ഫാം സ്ഥാപിച്ചുവരുന്നു.

(ബി) അന്യസംസ്ഥാനങ്ങളിൽ നിന്നു വരുന്ന കന്നുകാലികളിൽ നിന്ന് കേരളത്തിലെ കന്നുകാലികൾക്ക് മാരകമായ രോഗങ്ങൾ പകരുന്നത് തടയുന്നതിന് എടുത്ത നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

കുളമ്പുരോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന്റെ എല്ലാ ചെക്കുപോസ്റ്റുകളും 1.10.2013-മുതൽ താൽക്കാലികമായി 10 ദിവസത്തേയ്ക്ക് അടച്ചിടുകയുണ്ടായി. അതിനുശേഷം നിബന്ധനയോടുകൂടി കന്നുകാലികളെ കടത്തിവിടുകയും പരിശോധന കർശനമാക്കുകയും ചെയ്തു. ഇത് ഒരളവുവരെ കുളമ്പുരോഗം നിയന്ത്രിക്കുന്നതിന് സഹായകരമായിരുന്നു. ചെക്ക് പോസ്റ്റുകൾ 4.12.2013 മുതൽ വീണ്ടും താൽക്കാലികമായി അടച്ചിടുകയും ചെയ്തു. 9.1.2014 വ്യാഴാഴ്ച്ച വൈകിട്ട് 3 മണിമുതൽ കർശനമായ നിയന്ത്രണങ്ങൾക്ക് വിധേയമായി കേരളത്തിലെ തെരഞ്ഞെടുത്ത 5 ചെക്ക് പോസ്റ്റുകൾ കന്നുകാലികളെ കൊണ്ടു വരുന്നതിന് തുറന്നു കൊടുക്കുവാൻ

തീരുമാനിച്ചു. പാലക്കാട് ജില്ലയിലെ മുതലമട, വാളയാർ, ഇടുക്കി ജില്ലയിലെ കുമളി, കാസർഗോഡ് ജില്ലയിലെ മഞ്ചേശ്വരം (കുഞ്ചത്തൂർ), തിരുവനന്തപുരം ജില്ലയിലെ പാറശ്ശാല എന്നീ അഞ്ച് ചെക്ക്പോസ്റ്റുകളിൽ കൂടി മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. മൃഗസംരക്ഷണ വകുപ്പിലെ 5 അഡീഷണൽ ഡയറക്ടർമാരുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് ചെക്ക് പോസ്റ്റുകൾ പ്രവർത്തിക്കുന്നത്. രാവിലെ 6 മണി മുതൽ വൈകിട്ട് 6 മണിവരെ മാത്രമേ കാലികടത്തൽ അനുവദിച്ചിട്ടുള്ളൂ. അതിർത്തി പ്രദേശങ്ങളിൽ വെറ്ററിനറി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) കേരളത്തിൽ വ്യാപകമായ കുളമ്പുരോഗം മൂലം എത്ര കന്നുകാലികൾക്ക് നാശം സംഭവിച്ചുവെന്നും കന്നുകാലി കർഷകർക്ക് എന്തെല്ലാം നഷ്ടപരിഹാരം നൽകി എന്നും വിശദമാക്കാമോ?

(സി) ആഗസ്റ്റ്, സെപ്റ്റംബർ, നവംബർ, ഡിസംബർ മാസങ്ങളിലായി സംസ്ഥാനത്ത് 56068 ഉരുക്കളിൽ രോഗം ബാധിച്ചതായി വിവിധ ജില്ലകളിൽ നിന്ന് റിപ്പോർട്ടു ചെയ്തിട്ടുണ്ട്. (40684 പശുക്കൾ, 5755 കിടാവുകൾ,5280 കിടാരികൾ, 191 കാളകൾ, 1384 എരുമകൾ,2014 ആടുകൾ, 760 പന്നികൾ).

5143 ഉരുക്കൾ രോഗബാധമൂലം മരണപ്പെട്ടതായും റിപ്പോർട്ടു ചെയ്തിട്ടുണ്ട്. (1691 പശുക്കൾ 2544 കിടാവുകൾ 456 കിടാരികൾ, 90 എരുമകൾ, 166 ആടുകൾ, 196 പന്നികൾ)

കുളമ്പുരോഗം ബാധിച്ച് മരണപ്പെട്ട ഉരുക്കൾക്ക് 20,000/-രൂപ വീതം നഷ്ടപരിഹാരവും രോഗം ബാധിച്ച പശുക്കൾക്ക് ഓരോന്നിനും 200 കി.ഗ്രാം (4 ചാക്ക്) കാലിത്തീറ്റയും സൗജന്യമായി നൽകിവരുന്നു.15.1.2014 വരെ 2,23,63,000/രൂപ (രണ്ടു കോടി ഇരുപത്തിമൂന്നു ലക്ഷത്തി അറുപത്തിമൂവായിരം രൂപ ) നഷ്ട പരിഹാരമായി കർഷകർക്ക് നൽകിയിട്ടുണ്ട്.

14 ജില്ലകളിലായി 9524 ചാക്ക് കാലിത്തീറ്റ വിതരണം ചെയ്തു. തീറ്റ വിതരണം തുടർന്നു വരുന്നു. 6 ജില്ലകളിൽ മിൽമയും 7 ജില്ലകളിൽ കേരള ഫീഡ്സും കാസർകോഡ് ത്രിവേണി ഫീഡ്സും വിതരണം ചെയ്തുവരുന്നു.

നിലവിലുള്ള സ്ഥിതി അനുസരിച്ച് രോഗം ബാധിച്ച ഉരുക്കൾക്ക് തീറ്റക്കുവേണ്ടി 12.6കോടി രൂപയും മരണപ്പെട്ട ഉരുക്കൾക്ക് ധനസഹായമായി 6 കോടി രൂപയും കണക്കാക്കപ്പെട്ടിട്ടുണ്ട്.

പാലുല്പാദനത്തിൽ ഉണ്ടായ നഷ്ടം മാത്രം കണക്കാക്കിയാൽ നാളിതുവരെ 73 കോടി രൂപയുടെ ഉൽപ്പാദനനഷ്ടം ഉണ്ടായതായി കണക്കാക്കപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ